"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. പി. ഐ. ഷേക്ക് പരീത് ഐ.എ.എസ് (റിട്ട.) -ന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.26/2023/F&P തീയതി,തിരുവനന്തപുരം, 07-12-2023

---

പരാമർശം:

1. സ.ഉ.(കൈ) നം. 30/2018/മ.തു.വ തീയതി 21/08/2018.
2. സ.ഉ.(കൈ) നം. 30/2019/മ.തു.വ തീയതി 24/08/2019.
3. സ.ഉ.(കൈ) നം. 20/2020/മ.തു.വ തീയതി 11/11/2020
4. സ.ഉ.(കൈ) നം. 20/2021/മ.തു.വ തീയതി 28/10/2021.
5. സ.ഉ.(കൈ) നം. 07/2022/പി.&ഇ.എ തീയതി 18/03/2022.
6. സ.ഉ.(കൈ) നം. 12/2022/മ.തു.വ തീയതി 06/06/2022.
7. സ.ഉ.(കൈ) നം. 24/2022/മ.തു.വ തീയതി 25/11/2022
8. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12/06/2023 ലെ 2982/ഡി/2018/കെ.എസ്.സി.എ.ഡി.സി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. പി. ഐ. ഷേക്ക് പരീത് ഐ.എ.എസ് (റിട്ട.)-നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേൻ മാനേജിംഗ് ഡയറക്ടറായി പരാമർശം (1) പ്രകാരം പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം (2), (3), (4), (6), (7) ഉത്തരവുകൾ പ്രകാരം പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

**2.** സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി/ സി.ഇ.ഒ എന്നിവരുടെ ഉയർന്ന പ്രായപരിധി പരാമർശം (5) പ്രകാരം 65 വയസായി നിജപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിലവിൽ നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ പൂർത്തീകരണത്തിനും തീരദേശ മേഖലയുടെ വികസനത്തിന് കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രീ. പി. ഐ. ഷേക്ക് പരീതിന്റെ സേവനം അത്യന്താപേക്ഷിതമായതിനാൽ പരാമർശം (5) ലെ പ്രായപരിധി വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ.പി.ഐ.ഷേക്ക് പരീത്-ന്റെ പുനർ നിയമന കാലാവധി 23.08.2023 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**

K S SRINIVAS

**പ്രിൻസിപ്പൽ സെക്രട്ടറി**

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം. 1920 പ്രകാരം).

ധനകാര്യ വകുപ്പ്.

വിജിലൻസ് വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂസ് മീഡിയ ) വകുപ്പ്.

കരുതൽ ശേഖരം.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ